**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4538** **19-07-2022 - ൽ മറുപടിയ്ക്ക്**

**തൊണ്ടി മുതലുകൾ നഷ്ടപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ പരുത്തിപ്പള്ളി റേഞ്ചിലെ സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന തൊണ്ടിമുതലായ ചന്ദനവിഗ്രഹങ്ങൾ കാണാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി വരുന്നുണ്ട്.** |
| (ബി) | 2016 മുതൽ വനംവകുപ്പ് ഇന്റലിജൻസ് മുട്ടത്തറ സ്വദേശികളിൽ നിന്ന് പിടിച്ചെടുത്ത തൊണ്ടിമുതലാണ് നഷ്ടപ്പെട്ടതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടപ്പെട്ട മറ്റ് തൊണ്ടിമുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2016 ൽ വനം വകുപ്പ് ഇന്റലിജൻസ് മുട്ടത്തറ സ്വദേശികളിൽ നിന്ന് പിടിച്ചെടുത്തതും പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.-9/2016 നമ്പർ കേസിലെ തൊണ്ടി മുതലുകൾ കാണാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് 30.06.2022-ൽ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും തുടർന്നുള്ള വനം വകുപ്പുതല അന്വേഷണത്തിൽ 06.07.2022-ൽ റെയിഞ്ച് ഹെഡ്ക്വാട്ടേഴ്സിലെ തൊണ്ടി റൂമിൽ നിന്നും ടി കേസിലെ കാണാതായ തൊണ്ടി മുതലുകൾ കണ്ടെടുത്തിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അളവ് സഹിതമുള്ള ലിസ്റ്റ് **അനുബന്ധം-1** ആയി ഉള്ളടക്കം ചെയ്യുന്നു. കൂടാതെ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ 15/2001, 14/2004 എന്നീ നമ്പർ കേസുകളിലെ തൊണ്ടി മുതലുകൾ റെയിഞ്ച് ഹെഡ്ക്വാട്ടേഴ്സിൽ നിന്നും നഷ്ടപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒ.ആർ. 15/2001 കേസിലെ ചന്ദനത്തിൽ ഭാഗികമായി പണിത ഒരു ഗണപതി വിഗ്രഹവും ഒരു ഉണ്ണികൃഷ്ണ വിഗ്രഹവുമാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഒ.ആർ 14/2004 കേസിലെ തൊണ്ടി വകകളുടെ ലിസ്റ്റ് **അനുബന്ധം-2** ആയി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. |
| (സി) | തൊണ്ടിമുതലുകൾ സ്ട്രോങ്ങ് റൂമിൽ നിന്നും നഷ്ടപ്പെട്ട സംഭവം അറിഞ്ഞിട്ടില്ല എന്ന് പരുത്തിപ്പള്ളി റേഞ്ച് ഓഫീസർ മാധ്യമങ്ങളോട് പ്രതികരിച്ചത് | (സി) | പത്ര മാധ്യമങ്ങളിൽ വാർത്ത വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇപ്രകാരം |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വീഴ്ച സംഭവിച്ചവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ? | | മാധ്യമങ്ങളോട് പ്രതികരിച്ചിട്ടില്ലാ എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കൃത്യനിർവ്വഹണ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

**OR-9/2016 thondy details – LA QN. 4538 (B)**

25,000/- ഇരുപത്തി അയ്യായിരം  രൂപ വില മതിക്കുന്ന തൊണ്ടിമുതലുകളായ

9 ഗണപതി വിഗ്രഹങ്ങൾ (14 cm x 7 cm- 8 Nos, 7 cm x 5 cm -  1 No)

ഒരു  ശ്രീബുദ്ധ വിഗ്രഹം (7 cm x 4 cm).

ചെറിയ ചന്ദനമുട്ടി (5 cm x 6 cm-1 No).

ഇരുകവരമുട്ടി (12cm x 5 cm- 1 No).

ചന്ദനച്ചീളുകൾ (250 ഗ്രാം)

RFO

അനുബന്ധം - 2

**OR-14/2004 thondy details LAQ 4538 (B)**

1.കൃഷ്ണ ശില്പം (പോളീഷ് ചെയ്തത്)-2 എണ്ണം (20 cm),
2.കൃഷ്ണ ശില്പം (പോളീഷ് ചെയ്തത്)-3 എണ്ണം (17.5 cm),
3.ലക്ഷ്മി ശില്പം (പോളീഷ് ചെയ്യാത്തത്)-2 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
4.സരസ്വതി ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
5.കൃഷ്ണ ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
6.ലക്ഷ്മി ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
7.രാധാകൃഷ്ണ ശില്പം-1 എണ്ണം (17.5 cm) (ഭാഗീഗമായി പണിതത്),
8.രാധാകൃഷ്ണ ശില്പം -1 എണ്ണം (15 cm) (ഭാഗീഗമായി പണിതത്),
9.കൃഷ്ണ ശില്പം -6 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
10.സരസ്വതി ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
11.ലക്ഷ്മി ശില്പം-1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
12.കൃഷ്ണ ശില്പം- 2എണ്ണം (15 cm) (ഭാഗീഗമായി പണിതത്),
13.ലക്ഷ്മി ശില്പം-1 എണ്ണം (15 cm) (ഭാഗീഗമായി പണിതത്),
14.കൃഷ്ണ ശില്പം - 1 എണ്ണം (27.5 cm) (ഭാഗീഗമായി പണിതത്),
15.ലക്ഷ്മി ശില്പം- 1 എണ്ണം (27.5 cm) (ഭാഗീഗമായി പണിതത്),
16.ലക്ഷ്മി ശില്പം-2 എണ്ണം (25 cm) (ഭാഗീഗമായി പണിതത്),
17.കൃഷ്ണ ശില്പം - 1 എണ്ണം (25 cm) (ഭാഗീഗമായി പണിതത്),
18.സരസ്വതി ശില്പം - 1 എണ്ണം (25 cm) (ഭാഗീഗമായി പണിതത്),
19. ലക്ഷ്മി ശില്പം-1 എണ്ണം (25 cm) (ഭാഗീഗമായി പണിതത്),
20.രാധാകൃഷ്ണ ശില്പം-1 എണ്ണം (22 cm) (ഭാഗീഗമായി പണിതത്),
21.കൃഷ്ണ ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
22.കൃഷ്ണ ശില്പം- 1 എണ്ണം (15 cm) (ഭാഗീഗമായി പണിതത്),
23.സരസ്വതി ശില്പം- (15 cm)-1 (ഭാഗീഗമായി പണിതത്),
24.കൃഷ്ണ ശില്പം -1 എണ്ണം (20 cm) (ഭാഗീഗമായി പണിതത്),
25.കൃഷ്ണ ശില്പം - 8എണ്ണം (10 cm) (ഭാഗീഗമായി പണിതത്),
26. കൃഷ്ണ ശില്പം -1 എണ്ണം (12 cm) (ഭാഗീഗമായി പണിതത്),
27.രാധാകൃഷ്ണ ശില്പം-1 എണ്ണം (10 cm) (ഭാഗീഗമായി പണിതത്),
28.കൃഷ്ണ ശില്പം - 4 എണ്ണം (10 cm) (ഭാഗീഗമായി പണിതത്),
29.ശിവപാർവ്വതി ശില്പം-1 എണ്ണം (10 cm) (ഭാഗീഗമായി പണിതത്),
30.ചന്ദനക്കഷ്ണം - 1 എണ്ണം (29 cm x 11 cm), 2
31.ചന്ദനക്കഷ്ണം-1 എണ്ണം (20 cm x 12 cm), (വില-10000.00/-)

RFA
Purandhipully Range

52 Nos.